പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.4911

27.10.2016-ൽ

മറുപടിക്ക്

## റിവർ മാനേജ് മെന്റ് ഫണ്ട്

ചോദ്യം

ശ്രീ. എൻ .എ.നെല്ലിക്കുന്ന്

ഉത്തരം

ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റിവർ മാനേജ് മെന്റ് ഫണ്ട് ഉപയോഗിച്ച് കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; ഈ പ്രവൃത്തികൾ അനുവദിക്കാനുള്ള മാനദണ്ഡങ്ങൾ എന്തായിരുന്നു; പ്രൊപ്പോസലുകൾ തയ്യാറാക്കിയതാരായിരുന്നു; ചെലവഴിച്ച തുക എത്രയായിരുന്നു; വിശദാംശം ലഭ്യമാക്കുമോ; | (എ) | റിവർ മാനേജ് മെന്റ് ഫണ്ട് ഉപയോഗിച്ച് കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ മൊത്തം 14 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. കേരള പ്രൊട്ടക്ഷൻ ഓൺ റിവർ ബാങ്ക്സ് ആന്റ് റഗുലൈസേഷൻ ഓഫ് സാൻഡ് ആക്ട് 2001 ചട്ടം 16,17 എന്നിവയ്ക്ക് അനുസൃതമായും സംസ്ഥാന ഹൈ ലെവൽ കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായും ആണ് റിവർമാനേജ്മെന്റ് ഫണ്ട് അനുവദിക്കുന്നത്. ടി പ്രവർത്തികൾക്കുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുന്നത് സ്ഥലം എം.എൽ.എ, മുനിസിപ്പൽ/ പഞ്ചായത്ത് ജനപ്രതിനിധികൾ, ജില്ലാ കളക്ടർ, പൊതുജനങ്ങൾ എന്നിവരിൽ നിന്നുള്ള ശുപാർശകളും പരാതികളുടെയും അടിസ്ഥാനത്തിൽ മുൻഗണനാക്രമമനുസരിച്ച് തയ്യാറാക്കുകയും ഇവ റിവർ മാനേജ്മെന്റ് ജില്ലാതല വിദഗ്ധ സമിതിയുടെ (ഡി.എൽ.ഇ.സി) ശുപാർശ അനുസരിച്ച് സ്റ്റേറ്റ് ഹൈലെവൽ കമ്മിറ്റിയാണ് അന്തിമമായി അംഗീകാരം നൽകുന്നത്. |
| (ബി) | ഒരു മണ്ഡലത്തിൽ റിവർ മാനേജ് മെന്റ് ഫണ്ട് ഉപയോഗിച്ച പ്രവൃത്തികൾ നടത്താൻ പ്രൊപ്പോസലുകൾ തയ്യാറാക്കുമ്പോൾ സ്ഥലം എം.എൽ.എ. യോട് അലോചിക്കണമെന്നുണ്ടോ; എങ്കിൽ എം.എൽ.എ. മാരോട് ആലോചിച്ചതിനു ശേഷമാണോ പ്രൊപ്പോസലുകൾ തയ്യാറാക്കുന്നത്; | (ബി) | റിവർമാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പ്രൊപ്പോസലുകൾ തയ്യാറാക്കുമ്പോൾ സ്ഥലം എം.എൽ.എ മാരുടെ അഭിപ്രായം കൂടി പരിഗണിച്ചാണ് പ്രൊപ്പോസലുകൾ തയ്യാറാക്കുന്നത്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; പ്രൊപ്പോസലുകൾ തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജില്ലയിൽ ഒരു മണ്ഡലത്തിലും റിവർ മാനേജ്മെന്റ് ഫണ്ട് അനുവദിച്ചിട്ടില്ല. നിലവിൽ പുതിയ പ്രൊപ്പോസലുകൾ തയ്യാറാക്കേണ്ടിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

| | | | |
|---|---|---|---|
| 10 | ചെങ്കള ഗ്രാമ പഞ്ചായത്തിൽ എടനീർ–ബായറമൂലയിൽ മധു, വഹിനി പുഴയുടെ വലതു കര സംരക്ഷണം | 1258218.00 | ,, |
| 11 | ചെങ്കള ഗ്രാമ പഞ്ചായത്തിൽ പുതിയ വളപ്പ് കടവിൽ ചന്ദ്രഗിരിപ്പുഴയുടെ വലതു കര സംരക്ഷണം | 1298364.00 | ,, |
| 12 | കാസറഗോഡ് മുനിസിപ്പാലിറ്റിയിൽ തളങ്കര ദക്കീറത്ത് സ്കൂളിനു പടിഞ്ഞാറ് ഭാഗം ചന്ദ്രഗിരിപ്പുഴയുടെ വലതു കര സംരക്ഷണം | 1234348.00 | ,, |
| 13 | ചെങ്കള ഗ്രാമ പഞ്ചായത്തിൽ ചെങ്കള കൊവ്വൽ കടവിൽ ചന്ദ്രഗിരിപ്പുഴയുടെ വലതു കര സംരക്ഷണം | 1232806.00 | ,, |
| 14 | ചെങ്കള ഗ്രാമ പഞ്ചായത്തിൽ എരുതുംകടവ് പാലത്തിന് താഴെ ഭാഗത്ത് മധുവാഹിനി പുഴയുടെ ഇടതു കര സംരക്ഷണം | 1815687.00 | ,, |
| | | 21296588.00 | |

ആകെ

സെക്ഷൻ ഓഫീസർ